**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ എക്സ്റ്റൻഷൻ ഓഫീസർ (പി&എം) ആയി ജോലി ചെയ്യുന്ന ശ്രീ.കെ.ഗോപിനാഥന് 1,50,000/- രൂപാ പലിശരഹിത മെഡിക്കൽ വായ്പ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (ആർ.റ്റി) നമ്പർ.1269/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:05/05/2018

---

പരാമർശം : 1) ശ്രീ.ഗോപിനാഥൻ.കെ സമർപ്പിച്ച 10/02/2018 ലെ അപേക്ഷ.

2) ഗ്രാമവികസന കമ്മീഷണറുടെ 21/03/2018-ലെ 4411/എസ്റ്റാ.സി1/18/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ എക്സ്റ്റൻഷൻ ഓഫീസർ (പി&എം) ആയ ശ്രീ.ഗോപിനാഥൻ.കെ (PEN:373500), തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ടിയാന്റെ ചികിത്സയ്ക്കായി 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപാ മാത്രം) പലിശരഹിത വായ്പയായി അനുവദിച്ചു കിട്ടുന്നതിനുവേണ്ടി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു. അപേക്ഷകന്റെ ജനനതീയതി 20/04/1965 ആണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ എക്സ്റ്റൻഷൻ ഓഫീസർ (പി&എം) ആയ ശ്രീ.ഗോപിനാഥൻ.കെ-യ്ക്ക് തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ ടിയാന്റെ ചികിത്സയ്ക്കായി 1,50,000/- രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപാ മാത്രം) പലിശരഹിത മെഡിക്കൽ വായ്പ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95 (02)" എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 1,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീ.ഗോപിനാഥൻ, സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം

അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ് വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുമ്പായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും, ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീ.ഗോപിനാഥൻ എക്സ്റ്റൻഷൻ ഓഫീസർ (പി&എം) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പെരുമ്പടപ്പ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം
5) സബ് ട്രഷറി ഓഫീസർ, സബ്ട്രഷറി, പൊന്നാനി
6) ധനകാര്യവകുപ്പ് (02/05/2018-ലെ No.824822/L3/259/2018/Fin അനൗദ്യോഗിക കുറിപ്പ് പ്രകാരം
7) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (21/04/2018-ലെ ജി2/701/2018/ആ.കു.വ നമ്പർ കുറിപ്പ് പ്രകാരം)
8) ഇൻഫർമേഷൻ കേരള മിഷൻ
9) വെബ്&ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ